16963
31/10/19

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കടച്ചികൊല്ലൻ (Kadachi Kollan) സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.11/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 29.06.2019.

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 27.02.2019 തീയതിയിലെ കത്ത്.

## ഉത്തരവ്

കടച്ചികൊല്ലൻ (Kadachi Kollan) സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചു. ടി സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I ഷെഡ്യൂളിലെ ലിസ്റ്റ് III-ൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 30 വിശ്വകർമ്മയുടെ ഉപജാതിയായി പലിശ പെരും കൊല്ലന് ശേഷമായി ചേർക്കാവുന്നതാണെന്ന് പരാമർശ കത്ത് പ്രകാരം കമ്മീഷൻ ശുപാർശ ചെയ്തു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് കടച്ചികൊല്ലൻ (Kadachi Kollan) സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I ഷെഡ്യൂളിലെ ലിസ്റ്റ് III -ൽ വിഭാഗം I-ൽ ഇനം നമ്പർ 30 വിശ്വകർമ്മയുടെ ഉപജാതിയായി പലിശ പെരും കൊല്ലന് ശേഷമായി ചേർത്ത് സംവരണാനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

(.....2)

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.